പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3498 — 12/5/2017 ൽ മറുപടിക്ക്

**മൃഗസംരക്ഷണത്തിനും മൃഗങ്ങളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനുമായുള്ള പദ്ധതികൾ**

ചോദ്യം

ശ്രീ.ജോർജ് എം. തോമസ്:
ശ്രീ.യു. ആർ. പ്രദീപ്:
ശ്രീ.എസ്.രാജേന്ദ്രൻ:
ശ്രീ.കെ.വി.വിജയദാസ്:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണത്തിനും മൃഗങ്ങളുടെ ആരോഗ്യം ഉറപ്പു വരുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ പശു / എരുമ കുട്ടികൾക്ക് (പ്രതിവർഷം2 ലക്ഷം പശു /എരുമക്കുട്ടികൾ) ലഭിക്കും വിധം പുന ക്രമീകരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ഷീരകർഷകർക്ക് സഹായകമാകുന്ന വിധത്തിൽ കന്നുകാലി ഇൻഷ്വറൻസ്, ഫാം യന്ത്രവത്ക്കരണം, കിടാരി വളർത്തൽ, സംരംഭക വികസന പദ്ധതികൾ, ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, ചെറുകിട ഡയറി യൂണിറ്റുകൾ ഇവയാണ് 13-ാം പഞ്ചവത്സര പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. .<br>മൃഗചികിത്സാ സേവനരംഗത്ത് രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നിലവിൽ 65 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ടി പദ്ധതി കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ മൃഗാശുപത്രികൾ ശാക്തീകരിച്ച് മെച്ചപ്പെട്ട രോഗനിർണ്ണയ ചികിത്സാ സംവിധാനങ്ങൾ ഒരുക്കും. പാലോട് പ്രവർത്തിക്കുന്ന വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പേവിഷ പ്രതിരോധ വാക്സിൻ ഉത്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു. പേവിഷബാധ ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികളും വകുപ്പ് ആസൂത്രണം ചെയ്യുന്നുണ്ട്.<br>മൃഗചികിത്സ മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനുവേണ്ടി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | മൃഗങ്ങളിലെ കുളമ്പുരോഗ പ്രതിരോധത്തിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ കുളമ്പുരോഗ വാക്സിൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; | ബി) | 2016-17-ൽ മൃഗങ്ങളിലെ കുളമ്പുരോഗ പ്രതിരോധത്തിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ രണ്ട് കുളമ്പുരോഗ വാക്സിൻ ക്യാമ്പയിനുകൾ (19th & 20th round) സംഘടിപ്പിച്ചിട്ടുണ്ട് |
| സി) | മൃഗങ്ങളിലുണ്ടാകുന്ന വിവിധ രോഗങ്ങളുടെ നിർണ്ണയം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ലബോറട്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) | മൃഗങ്ങളിലുണ്ടാകുന്ന വിവിധ രോഗങ്ങളുടെ നിർണ്ണയം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഒരു സംസ്ഥാന ലാബിന്റെയും മൂന്ന് മേഖലാ ലാബുകളുടെയും പതിനാല് ജില്ലാ ലാബുകളുടെയും അൻപത് താലൂക്കുതല ലാബുകളുടെയും അടിസ്ഥാന സൗകര്യത്തിനും ശാക്തീകരണത്തിനുമായി 2016-17 ൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2017-18 ലും ഇത് തുടരുന്നതാണ്. |
| ഡി) | വെറ്ററിനറി ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 65 ബ്ലോക്കുകളിൽ വെറ്ററിനറി ഡോക്ടർമാരെ രാത്രികാല മൃഗചികിത്സാ സേവനത്തിനു കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. 2017-18 -ൽ 20 ബ്ലോക്കുകളിൽ കൂടി ടി സേവനം ലഭ്യമാക്കും. |

സെക്ഷൻഓഫീസർ